2024 ജനുവരി 03

# ക്രോണിക്കിൾസ്

HIGH COURT OF KERALA

# കേരള ഹൈക്കോടതി



## വിഷയസൂചിക


- ഓർമ്മക്കുറിപ്പുകൾ____________________ 2-3
- കഴിഞ്ഞു പോയ വർഷം 2023____________ 4-15
  - → ആശംസകളും യാത്രയപ്പുകളും______________ 4,5
  - → ഇ-ഉദ്യമങ്ങൾ____________________________ 6
  - → പൊതുജന പ്രാധാന്യമുള്ള വിധിന്യായങ്ങൾ______ 7,8
  - → കെൽസ________________________________ 9
  - → കേരള ജുഡീഷ്യൽ അക്കാദമി________________10
  - → മീഡിയേഷൻ____________________________ 11
  - → ദേശീയ അനുസ്മരണ ദിനങ്ങൾ______________ 12
  - → ആഘോഷങ്ങളും സാംസ്കാരിക പരിപാടികളും_ 13
  - → ശ്രദ്ധാഞ്ജലി______________________________ 14
  - → സ്ഥിതിവിവര കണക്കുകൾ__________________15
- മുഖപ്രസംഗ കുറിപ്പ്_______________ 16


## ചീഫ് ജസ്റ്റിസിന്റെ സന്ദേശം

❝ കഴിഞ്ഞ കാലങ്ങളിലേക്കുള്ള തിരിഞ്ഞുനോട്ടം നല്ല ഓർമ്മകൾ മാത്രമല്ല അനുഭവ സമ്പത്തും നൽകുന്നു, പ്രത്യേകിച്ച്, നീതിന്യായ വ്യവസ്ഥയുടെ ഭാഗമായ നമ്മൾക്ക്, കാരണം, 'നിയമത്തിന്റെ പ്രയാണം കേവലം യുക്തിയല്ല, മറിച്ച് അനുഭവസമ്പത്താണ്'. 2023 കേരള ഹൈക്കോടതിയെ ദേശീയ തലത്തിൽ കൂടുതൽ ഉയരങ്ങളിലേക്കും കീർത്തിയിലേക്കും കൊണ്ടുപോയ ഒരു വർഷമായിരുന്നു. അഭിമാനത്തിന്റെയും ആഘോഷത്തിന്റെയും ആ നിമിഷങ്ങളുടെ ഓർമ്മപ്പെടുത്തലാണ് ഈ ക്രോണിക്കിൾ. പുതുവർഷത്തിന്റെ പ്രതീക്ഷകളിലേക്ക് നാം കടക്കുമ്പോൾ, നമുക്ക് നീതിയുടെ കെടാത്ത ഊർജ്ജത്തെയും പോരാട്ട വീര്യത്തെയും ഉൾക്കൊള്ളാം. നിയമവാഴ്ച ഉയർത്തിപ്പിടിക്കാനുള്ള നമ്മുടെ പ്രതിബദ്ധത അചഞ്ചലമായിരിക്കട്ടെ, നീതി എന്നത് ഒരു ആശയം മാത്രമല്ല, അത് ഓരോ പൗരനും പ്രാപ്യമായ യാഥാർത്ഥ്യമാണെന്ന് ഉറപ്പു വരുമാറാകട്ടെ. കാര്യക്ഷമവും സുതാര്യവും എല്ലാവർക്കും പ്രാപ്യവുമായ ഒരു നീതിന്യായ വ്യവസ്ഥയ്ക്കായി നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. നിയമവീഥിയിലെ വിജയങ്ങളും, വ്യക്തിപരമായ വളർച്ചയും, നീതിക്കായുള്ള നമ്മുടെ പ്രതിബദ്ധതയുടെ പൂർത്തീകരണവും നിറഞ്ഞ ഒരു വർഷം നിങ്ങൾക്ക് ആശംസിക്കുന്നു. ❞

**ജസ്റ്റിസ് ആശിഷ് ജിതേന്ദ്ര ദേശായി**

# ക്രോണിക്കിൾസ്

## കേരള ഹൈക്കോടതി

## ഓർമ്മക്കുറിപ്പുകൾ




മൂന്ന് വ്യത്യസ്ത ഭൂപ്രദേശങ്ങൾ, അതായത്, തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായ മദ്രാസ് പ്രസിഡൻസിയുടെ മലബാർ ജില്ലയും കൂടിച്ചേർന്നാണ് കേരള സംസ്ഥാനം രൂപംകൊണ്ടത്. സ്വതന്ത്ര നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും പ്രദേശങ്ങൾ ഭരിച്ചിരുന്നത് അതാത് മഹാരാജാക്കന്മാരായിരുന്നു. അവിടങ്ങളിൽ പ്രത്യേകം നീതിന്യായ വ്യവസ്ഥയും സ്വതന്ത്ര ഹൈക്കോടതികളും നിലനിന്നിരുന്നു. 1949-ൽ ഈ നാട്ടുരാജ്യങ്ങൾ കൂടിച്ചേർന്ന് തിരു-കൊച്ചി സംസ്ഥാനം രൂപീകൃതമാകുകയും അത് പിന്നീട് ഇന്ത്യൻ യൂണിയനിൽ ലയിക്കുകയും ചെയ്തു. തിരുവിതാംകൂർ മഹാരാജാവിനു പുതുതായി രൂപംകൊണ്ട എകീകൃത സംസ്ഥാനത്തെ 'രാജപ്രമുഖ്' സ്ഥാനം നൽകപ്പെട്ടു. 1949 ജൂലൈ 7-ന് തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഹൈക്കോടതികൾ സംയോജിച്ച് തിരു-കൊച്ചി ഹൈക്കോടതി രൂപംകൊണ്ടു.

1956-ലെ സംസ്ഥാന പുനഃസംഘടനാ നിയമമനുസരിച്ച് കേരള സംസ്ഥാനം രൂപീകരിച്ചു. എകീകരണ വേളയിൽ വ്യക്തമായ ഉടമ്പടിയുണ്ടാക്കുകയും അതനുസരിച്ച് ഹൈക്കോടതി കൊച്ചിയിലും ഭരണസിരാകേന്ദ്രം തിരുവിതാംകൂറിലും ആയി നിശ്ചയിക്കപ്പെട്ടു.

ആകർഷകമായ ബോൾഗാട്ടി പാലസ് ദ്വീപിനു എതിരായി സ്ഥിതി ചെയ്യുന്ന രാം മോഹൻ പാലസിൽ കേരള ഹൈക്കോടതി പ്രവർത്തനമാരംഭിച്ചു. 1938-ൽ അന്നത്തെ വൈസ്രോയിയുടെ (ലോർഡ് ലിൻലിത്ഗോ) സന്ദർശനത്തോട് അനുബന്ധിച്ച് അന്നത്തെ കൊച്ചി മഹാരാജാവാണ് ഈ കൊട്ടാരം പണികഴിപ്പിച്ചത്. കേരള ഹൈക്കോടതിയായി പ്രവർത്തിക്കുന്നതിന് മുൻപ് രണ്ടാം ലോകമഹായുദ്ധകാലത്ത് സൈനിക ആശുപത്രിയായും 1949 വരെ കൊച്ചി സംസ്ഥാനത്തിന്റെ ഭരണസിരാകേന്ദ്രമായും ഈ സമുച്ചയം പ്രവർത്തിച്ചു.

# ക്രോണിക്കിൾസ്

## കേരള ഹൈക്കോടതി

കേരള സംസ്ഥാനത്തിന്റെയും കേന്ദ്ര ഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും തദ്ദേശ അധികാരപരിധിയോടെ 1956 നവംബർ 5-നു കേരള ഹൈക്കോടതി പ്രവർത്തനമാരംഭിച്ചു. തിരു-കൊച്ചി ഹൈക്കോടതിയിൽ നിന്നും 3409 കേസുകളും മദ്രാസ് ഹൈക്കോടതിയിൽ നിന്നും 1504 കേസുകളും കേരള ഹൈക്കോടതിയിലേക്ക് മാറ്റപ്പെട്ടു. ബഹുമാനപ്പെട്ട ജസ്റ്റിസ് കെ. ടി. കോശി പ്രഥമ ചീഫ് ജസ്റ്റിസായി നിയമിതനായി. ചീഫ് ജസ്റ്റിസിന്റെ കോടതിയിൽ അഡ്വക്കേറ്റ്സ് ഉപയോഗിച്ചിരുന്ന മേശകൾ കൊച്ചി ഹൈക്കോടതിയിൽ നിന്നുള്ളതായിരുന്നു. നിലനിന്ന നീതിന്യായ വ്യവസ്ഥയുടെ പ്രതീകമെന്നോണം ഈ കോടതിയിലെ ജഡ്ജിമാരുടെ പാനലിനു പുറകിലായുള്ള 'ഫിയത്ത് റുസ്തിതിയ റുഅത്ത് കൈലാം ' എന്ന വാക്യം തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നും ന്യായാധിപന്മാർക്കു മുൻപിലായി വച്ചിരുന്ന അധികാര  ദണ്ഡുകൾ മദ്രാസ് ഹൈക്കോടതിയിൽ നിന്നുമായിരുന്നു.

11.02.2006-നു രാം മോഹൻ പാലസിന് സമീപത്തായുള്ള പുതിയ കെട്ടിടത്തിലേക്ക് ഹൈക്കോടതി മാറുകയും അതോട് കൂടി രാജ്യത്തെ തന്നെ ഏറ്റവും ഉയരമുള്ള ഹൈക്കോടതി കെട്ടിടമായി കേരള ഹൈക്കോടതി മാറുകയും ചെയ്തു. 5 ഏക്കറിലായി നിലകൊള്ളുന്ന ഹൈക്കോടതിക്ക് 9 നിലകളായി 5,50,000 സ്ക്വയർ ഫീറ്റ് വിസ്തൃതിയുണ്ട്. ഇതിൽ 36 കോടതി ഹാളുകൾ, 44 ജഡ്ജസ് ചേംബറുകൾ, ലൈബ്രറികൾ, ആഡിറ്റോറിയം, അഡ്വക്കേറ്റ്സ് ക്ലർക്കുമാർ എന്നിവർക്കുള്ള മുറികൾ, ഒരു തപാലാഫീസ്, ഒരു ബാങ്ക്, ആംബുലൻസ് സേവനത്തോടെയുള്ള ഒരു മെഡിക്കൽ ക്ലിനിക്, ഒരു അഗ്നിശമന യൂണിറ്റ്, ശിശുപരിപാലന കേന്ദ്രം, കാന്റീൻ മറ്റു സൗകര്യങ്ങൾ എന്നിവയുണ്ട്. ഹൈക്കോടതിയിൽ ആധുനികരീതിയിലെ എല്ലാ സദ്യശ്യസൗകര്യങ്ങളും സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. നിലവിൽ കേരള ഹൈക്കോടതിയിൽ ബഹുമാനപ്പെട്ട ജസ്റ്റിസ് ആശിഷ് ജിതേന്ദ്ര ദേശായി ചീഫ് ജസ്റ്റിസായി സേവനമനുഷ്ഠിക്കുകയും 36 ജഡ്ജിമാരും 2068 ജീവനക്കാരും പ്രവർത്തിക്കുകയും ചെയ്യുന്നു.



# ക്രോണിക്കിൾസ്

## കേരള ഹൈക്കോടതി

## കഴിഞ്ഞു പോയ വർഷം 2023

### ആശംസകളും യാത്രയപ്പുകളും



23.04.2023-ലെ ബഹു. ചീഫ് ജസ്റ്റിസ് ശ്രീ. എസ്. മണികുമാറിന്റെ വിരമിക്കൽ ചടങ്ങ്.



1.06.2023-ലെ ബഹു. ചീഫ് ജസ്റ്റിസ് ശ്രീ. എസ്. വി. ഭട്ടിയുടെ സത്യപ്രതിജ്ഞാ ചടങ്ങ്.



13.07.2023-ലെ ബഹു. ചീഫ് ജസ്റ്റിസ് ശ്രീ. എസ്. വി. ഭട്ടിയുടെ വിടവാങ്ങൽ പ്രസംഗം.



22.07.2023-ലെ ബഹു. ചീഫ് ജസ്റ്റിസ് ശ്രീ. ആശിഷ് ജിതേന്ദ്ര ദേശായിയുടെ സത്യപ്രതിജ്ഞാ ചടങ്ങ്.



27.03.2023-ലെ ബഹു. ജസ്റ്റിസ് ശ്രീ. കെ. വിനോദ് ചന്ദ്രന്റെ വിടവാങ്ങൽ പ്രസംഗം.



26.05.2023-ലെ ബഹു. ജസ്റ്റിസ് ശ്രീ. ഷാജി പി. ചാലിയുടെ വിടവാങ്ങൽ പ്രസംഗം.



25.08.2023-ലെ ബഹു. ജസ്റ്റിസ് ശ്രീമതി എം. ആർ. അനിതയുടെ വിടവാങ്ങൽ പ്രസംഗം.



25.08.2023-ലെ ബഹു. ജസ്റ്റിസ് ശ്രീ. അലക്സാണ്ടർ തോമസിന്റെ വിടവാങ്ങൽ പ്രസംഗം.

# ക്രോണിക്കിൾസ്

# കേരള ഹൈക്കോടതി

## കഴിഞ്ഞു പോയ വർഷം 2023

### അഭിവാദനങ്ങളും യാത്രയപ്പുകളും



21.07.2023-ലെ ബഹു. ജസ്റ്റിസ് ശ്രീ. ദിനേഷ് കുമാർ സിംങിന്റെ സത്യപ്രതിജ്ഞാ ചടങ്ങ്.







25.10.2023-ലെ ബഹു. ജസ്റ്റിസ് ശ്രീ. ജോൺസൺ ജോൺ, ബഹു. ജസ്റ്റിസ് ശ്രീ. ഗോപിനാഥൻ ഉണ്ണിത്താൻ ഗിരീഷ്, ബഹു. ജസ്റ്റിസ് ശ്രീ. ചെല്ലപ്പൻ നാടാർ പ്രതീപ് കുമാർ എന്നിവരുടെ കേരള ഹൈക്കോടതിയുടെ അഡീഷണൽ ജഡ്ജിമാരായുള്ള സത്യപ്രതിജ്ഞാ ചടങ്ങ്.

HIGH COURT OF KERALA

# ക്രോണിക്കിൾസ്

# കേരള ഹൈക്കോടതി

## കഴിഞ്ഞു പോയ വർഷം 2023

### ഇ-ഉദ്യമങ്ങൾ




വിവിധ ഐ.ടി. ഉദ്യമങ്ങളുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി പിണറായി വിജയനും ബഹു. ചീഫ് ജസ്റ്റിസ് ശ്രീ. എസ്. മണികുമാറും ചേർന്ന് 10.04.2023-ന് നിർവഹിക്കുന്നു.





ഹൈക്കോടതി വെബ്സൈറ്റിലെ ഇന്ത്യൻ ലോ റിപ്പോർട്ട് - വിധിന്യായങ്ങളുടെ മലയാളം പതിപ്പിന്റെ ഉദ്ഘാടനം.






ഐ.ടി. ഡയറക്ടറേറ്റ് വികസിപ്പിച്ചെടുത്ത വിവിധ ആപ്ലിക്കേഷനുകളുടെ സമാരംഭവും ഇ-സംരംഭങ്ങളുടെ ഉദ്ഘാടനവും.



# ക്രോണിക്കിൾസ്

# കേരള ഹൈക്കോടതി

## കഴിഞ്ഞു പോയ വർഷം 2023

## പൊതുജന പ്രാധാന്യമുള്ള വിധിന്യായങ്ങൾ

2023:KER:79422
ഗർഭാവസ്ഥയുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങളും ശിശു സംരക്ഷണ ഉത്തരവാദിത്തങ്ങളും പരിഗണിക്കാതിരിക്കുന്നത് ജോലിസ്ഥലത്ത് സ്ത്രീകൾക്കെതിരായ വിവേചനത്തിന് കാരണമാകും.





W.P.(C). No.13204/2021
മനുഷ്യ-വന്യമൃഗ സംഘർഷം-കാട്ടാനയായ അരിക്കൊമ്പനെ പിടിച്ച് പറമ്പിക്കുളം കടുവാ സങ്കേതത്തിലേക്ക് മാറ്റാൻ കേരള ഹൈക്കോടതി ഉത്തരവിട്ടു.

2023:KER:54508
സർവേ അല്ലെങ്കിൽ റിസർവേ രേഖകൾ സ്വത്തിന്റെ ഉടമസ്ഥാവകാശത്തിന്റെ രേഖകളല്ല.





2023:KER:7567
1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ടിന് കീഴിൽ, ഒരു രജിസ്റ്ററിംഗ് അധികാരിക്ക് ഓൺലൈൻ ആയുള്ള വിവാഹം രജിസ്റ്റർ ചെയ്യാതിരിക്കാനാവില്ല.

2023:KER:20684
ഒരു ഇന്ത്യൻ പൗരന് തന്റെ കുട്ടിയെ വിദേശത്തേക്ക് കൊണ്ടുപോകാൻ അനുമതി നൽകുന്നത് കുട്ടിയുടെ കസ്റ്റഡി നേടാനുള്ള അയാളുടെ പങ്കാളിയുടെ അവകാശത്തെ ഇല്ലാതാകുന്നില്ല





2023:KER:33534
രണ്ട് കുട്ടികൾക്കാണ് ചൈൽഡ് കെയർ ലീവ് (സിസിഎൽ) സൗകര്യം ലഭ്യമാകുന്നത്, അത് ജീവിച്ചിരിക്കുന്ന കുട്ടികളിൽ ആദ്യം ജനിച്ച കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല



ഒരു കുറ്റവാളിയെ ഹാജരാക്കുമ്പോൾ പാലിക്കേണ്ട പ്രോട്ടോക്കോളുകൾ അത്തരം വ്യക്തിയെ ആശുപത്രിയിൽ അല്ലെങ്കിൽ ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്ക് മുമ്പാകെ ഹാജരാക്കുമ്പോഴും പാലിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു.
I.A. No. 10 of 2023 in R.P.No.379 of 2021




താനൂർ ബോട്ട് ദുരന്തം: കേരള ഹൈക്കോടതി സ്വമേധയാ നടപടികൾ ആരംഭിക്കുകയും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.
ഉത്തരവ് dt 12-05-2023 ൽ WP (c) 15681/2023.



2023:KER:23005
തനിക്കെതിരെ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം ഒരു കേസെടുത്തിട്ടുണ്ട് എന്ന് വ്യക്തമായി അറിവ് ലഭിച്ചതിനു ശേഷവും ഒരു പ്രതി രാജ്യം വിടുകയും, തുടർന്ന് അയാൾക്ക് ഇടക്കാല ജാമ്യം അനുവദിക്കുകയും ചെയ്താൽ, അത് , കോടതിയുടെ അധികാരം ശരിയായ രീതിയിൽ പ്രയോഗിച്ചതായി കണക്കാക്കാൻ കഴിഞ്ഞേക്കില്ല.



2023:KER:31652
ഒരു ലിവ് ഇൻ ബന്ധത്തിനെ വിവാഹമോചനം നേടാനാവുന്ന ഒരു വൈവാഹികബന്ധമായി കണക്കാക്കാനാവില്ല.

# ക്രോണിക്കിൾസ്

## കേരള ഹൈക്കോടതി

## കഴിഞ്ഞു പോയ വർഷം 2023

### പൊതുജന പ്രാധാന്യമുള്ള വിധിന്യായങ്ങൾ



2023:KER:70656.
കൊല്ലം വാളകം ബെഥാനി ചാപ്പലിൽ നവജാത ശിശുക്കളെ അനധികൃതമായി ഉപേക്ഷിക്കുന്നത് തടയാൻ ഹൈക്കോടതി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.



ബ്രഹ്മപുരം തീപിടിത്തത്തിൽ ഹൈക്കോടതി സ്വമേധയാ നടപടികൾ ആരംഭിക്കുകയും ശുദ്ധവായു, ജലം, മലിനീകരണ രഹിത പരിസ്ഥിതി എന്നിവകൾ അടിസ്ഥാന മനുഷ്യാവകാശങ്ങളാണെന്ന് വിധിക്കുകയും ചെയ്തു.
WP(C) NO. 7844 OF 2023(S)




2023:KER:54326
കുട്ടിയുടെ മികച്ച താൽപ്പര്യം സംരക്ഷിക്കുന്നതിനായി കുട്ടിയെ പ്രതിനിധീകരിക്കാൻ ഒരു സ്വതന്ത്ര അഭിഭാഷകനെ നിയമിക്കാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചു



2023:KER:17805
സായുധ പോലീസ് ബറ്റാലിയനിൽ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (ട്രെയിനി) തസ്തികയിലേക്ക് അപേക്ഷിക്കാനുള്ള ഭിന്നലിംഗക്കാരുടെ അവകാശം കേരള ഹൈക്കോടതി ശരിവച്ചു.




നിലമ്പൂർ താലൂക്കിലെ ആദിവാസി കുടുംബങ്ങൾക്ക് ഭക്ഷണം, കുടിവെള്ളം, വൈദ്യസഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നൽകണമെന്ന് കേരള ഹൈക്കോടതി ഭരണാധികാരികൾക്ക് നിർദേശം നൽകി.
WP(C) NO. 24828 OF 2023




WP(CRL.) NO. 609 OF 2023(S)
1956-ലെ ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ട് പ്രകാരമുള്ള ഒരു കുറ്റകൃത്യത്തിന്റെ ഇരയായ സ്ത്രീയുടെ ഓൺലൈൻ ചിത്രങ്ങളും വിശദാംശങ്ങളും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഹൈക്കോടതി കേരള ഡിജിപിയോട് നിർദ്ദേശിച്ചു.

സിഎംഡിആർഎഫിന് കീഴിൽ സർക്കാർ പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്ന എച്ച്ഐവി രോഗികളുടെ പേര് വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാൻ സംസ്ഥാന സർക്കാർ ബാധ്യസ്ഥരാണ്. ഉത്തരവ് ഇപ്രകാരമായിരുന്നു dt 10/11/2023 in WP (c) 231 of 2023






W.P.(C) No. 18814/2004
പാലക്കാട് അഗളിയിലെ വ്യവഹാര വിഷയമായ 56.77 ഹെക്ടർ ഭൂമി കേരള ഹൈക്കോടതി വിർച്വൽ ആയി പരിശോധിച്ചു



SSCR 29 of 2023
ശബരിമലയിലേക്ക് തീർത്ഥാടകരെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ തിരക്ക് നിയന്ത്രിക്കാൻ നിർദേശിച്ചു.



2023:KER:45848
കുട്ടികളുടെ അനുമതി ഇല്ലാതെ ലിംഗ മാറ്റ ശസ്ത്രക്രിയ നടത്താൻ അനുമതി നൽകുന്നത് അന്തസ്സിനെയും, സ്വകാര്യതയേയും, ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 14, 19, 21 എന്നിവ പ്രകാരം ഉറപ്പുനൽകുന്ന അവകാശങ്ങളെയും ലംഘിക്കുമെന്ന് കേരള ഹൈക്കോടതി നിരീക്ഷിച്ചു.



2023:KER:69216
2016-ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തിലെ സെക്ഷൻ 14(1) പ്രകാരം ഒരു പരിമിത രക്ഷാധികാരിയെ നിയമിക്കുന്നതിനുള്ള ഹർജി പരിഗണിക്കാൻ ജില്ലാ കോടതികൾക്കും നിയുക്ത അധികാരികൾക്കും ഒരേസമയം അധികാരമുണ്ടെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചു.



2023:KER:80740
തങ്ങളെ സമീപിച്ച കക്ഷിക്ക് ഇന്ത്യക്ക് പുറത്തുള്ള കോടതിയിൽ നിയമപരമായ പ്രതിവിധി ഇല്ലെന്ന് കോടതിക്ക് തോന്നിയാൽ, ഒരു കുട്ടിയുടെയോ ദുർബലരായ മുതിർന്നവരുടെയോ താൽപ്പര്യമോ ക്ഷേമമോ സംരക്ഷിക്കാൻ ഇന്ത്യയിലെ കോടതികൾക്ക് അധികാരമുണ്ട്.

# ക്രോണിക്കിൾസ്

# കേരള ഹൈക്കോടതി

## കഴിഞ്ഞു പോയ വർഷം 2023

### കേരള സംസ്ഥാന നിയമ സേവന അതോറിറ്റി

മൂന്നു പദ്ധതികൾ: (1) കുട്ടികൾക്കുവേണ്ടിയുള്ള നിയമ സഹായ പദ്ധതി ക്ലാപ്പ് (CLAP) (2) സംവാദാ (SAMAVADA) (3) അതിജീവിതയുടെ അവകാശ സംരക്ഷണ കേന്ദ്രം (VRC) എന്നീ പദ്ധതികൾ 7.11. 2023-ൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് എ. ജെ. ദേശായി, കെൽസയുടെ എക്സിക്യൂട്ടീവ് ചെയർമാൻ, ബഹുമാനപ്പെട്ട ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ് കൂടാതെ മറ്റു മഹത് വ്യക്തിത്വങ്ങളുടെ സാന്നിദ്ധ്യത്തിൽ ഉദ്ഘാടനം ചെയ്തു. ഹൈകോടതിയുടെ നിർദ്ദേശപ്രകാരം, സ്വയം തയ്യാറായി വരുന്ന സ്വതന്ത്ര അഭിഭാഷകരെ, (കുട്ടിയെ സഹായിക്കുന്ന അഭിഭാഷകൻ) കുട്ടികളുടെ അവകാശങ്ങൾ ഉൾപ്പെടുന്ന കസ്റ്റഡി കാര്യങ്ങളിലും മറ്റു കാര്യങ്ങളിലും കുട്ടികളെ പ്രതിനിധീകരിച്ചു കോടതികളിലും മറ്റ് അധികാരികളുടെ മുന്നിലും ഹാജരാകുന്നതിനും വസ്തുതകൾ അവതരിപ്പിച്ചു അവരുടെ താല്പര്യം സംരക്ഷിക്കുന്നതിനു വേണ്ടിയും നിയമിക്കുന്ന ഒരു പദ്ധതിയാണ് (CLAP). അതുപോലെതന്നെ സംവാദാ (SAMAVADA) എന്ന പദ്ധതി സ്കൂൾ കുട്ടികളെ ലക്ഷ്യം വച്ചുള്ളതാണ്. കുട്ടികളിൽ മൂല്യാധിഷ്ഠിത പൊതു സ്വഭാവം വളർത്തിയെടുക്കുന്നതിനും സമൂഹത്തിൽ കാണപ്പെടുന്ന സ്വജന പക്ഷപാതം, അഴിമതി മുതലായ തിന്മകളെ പ്രതിരോധിക്കുവാൻ അവരെ പ്രാപ്തരാക്കുന്നതിനും അവരെ ഉത്തരവാദിത്തമുള്ള പൗരൻ ആയി വാർത്തെടുക്കുകയും ചെയ്യുകയെന്നതാണ് ഈ പദ്ധതി ലക്ഷ്യം വക്കുന്നത്. അതുപോലെ തന്നെ അതിജീവിതയുടെ അവകാശ സംരക്ഷണ കേന്ദ്രം (VRC) എന്ന പദ്ധതി അതിജീവിതയുടെ നീതിക്കും ന്യായപരവുമായ അവകാശ സംരക്ഷണത്തിനായി ഒരു വേദി ഉണ്ടാക്കിയെടുക്കുന്നതിനും സർക്കാരിന്റെയും, സർക്കാരിനകത്തുള്ളതും സർക്കാരിതര സ്ഥാപനങ്ങളെയും കോർത്തിണക്കി ഇവയുടെയെല്ലാം സഹകരണത്തോടെ അതിജീവിതക്ക് വേണ്ട സഹായങ്ങൾ പ്രത്യേകിച്ച് സാമൂഹികവും, മാനസികവും, കൂടാതെ നിയമപരവുമായ എല്ലാ പിന്തുണകളും ലഭ്യമാക്കുന്നതിനും അവരവർക്ക് യോജ്യമായ പരിഹാരങ്ങളിലേക്ക് എത്തുന്നതിന് സഹായിക്കുകയും ചെയ്യുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

വിവിധ വിഷയങ്ങളിലും നിയമ മേഖലകളിലും അവബോധം സൃഷ്ടിക്കാനായി, ക്ലാസ്സുകളിലൂടെ തങ്ങളുടെ പ്രശ്നം തിരിച്ചറിഞ്ഞ വ്യക്തികളുടെ പരാതിപരിഹാരത്തിനായി രൂപീകരിച്ച പ്രത്യേക യൂണിറ്റുകളുടെ സഹായത്താൽ, നിയമാവബോധ പരിപാടികളും നിയമസാക്ഷരത ക്ലാസുകളും നടത്തുവാനായി സദ്ഗമയ എന്ന പേരിൽ ഒരു പദ്ധതിയും കെൽസ ആവിഷ്കരിക്കുകയുണ്ടായി. അതു പോലെ തന്നെ, ലഹരി ഉപയോഗത്തെ തടയുന്നതിനും ഇവയുടെ ഉപയോഗത്തിനെതിരെ ബോധവത്കരണം നടത്തുന്നതിനും ലഹരിക്ക് അടിമപ്പെട്ടുപോയ ആളുകൾക്കു വേണ്ടി സമഗ്രമായ ചികിത്സ സംവിധാനം ഉറപ്പാക്കുന്നതിനും ലഹരിക്കടിമപ്പെട്ടവരുടെ പുനരധിവാസത്തിനും വേണ്ടി ഒരു ലഹരി വിരുദ്ധ പ്രചരണ പരിപാടിയും കെൽസ സംഘടിപ്പിക്കുകയുണ്ടായി.







# കഴിഞ്ഞു പോയ വർഷം 2023

## കേരള ജുഡീഷ്യൽ അക്കാദമി

2023 ഏപ്രിൽ മുതൽ ഡിസംബർ വരെ 37 പരിശീലന പരിപാടികൾ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ന്യായാധിപൻമാർക്കായി കേരള ജുഡിഷ്യൽ അക്കാദമി നടത്തുകയുണ്ടായി. 7 പ്രത്യേക പരിശീലന പരിപാടികളും, സമ്മർദ്ദ അതിജീവനം, ക്രിയാത്മകമായ സമയ വിനിയോഗം, കോടതി കാര്യ നിർവ്വഹണം, ന്യായാധിപൻമാരുടെ മാനസിക ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള കഴിവുകൾ വികസിപ്പിക്കൽ എന്നിവക്കായുള്ള 6 പരിശീലന പരിപാടികളും അറിവ് വർധിപ്പിക്കാനുള്ള 11 പരിശീലന പരിപാടികളും വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാനുള്ള 13 പരിശീലന പരിപാടികളും ഇതിൽ ഉൾപ്പെടുന്നു. മനുഷ്യക്കടത്ത് വിഷയമാക്കി ഒരു ഏകദിന ശില്പശാല 17.9.23 ന് അക്കാദമി സംഘടിപ്പിച്ചു. 2023–24 ബാച്ചിലെ മുൻസിഫ് മജിസ്ട്രേറ്റ് ട്രെയിനികൾക്കുള്ള പരിശീലന പരിപാടി നിലവിൽ അക്കാദമി നടത്തി വരുന്നു. ഇതു കൂടാതെ പുതുതായി നിയമനം ലഭിച്ച മുഖ്യ കൗൺസലർമാർക്കുള്ള പരിശീലന പരിപാടിയും കേരള ജുഡീഷ്യൽ സർവീസ് പരീക്ഷയ്ക്ക് യോഗ്യത നേടിയ എസ്.സി., എസ്.ടി. മത്സരാർത്ഥികൾക്കുള്ള പരീക്ഷാ പരിശീലന പരിപാടിയും അക്കാദമി നടത്തി. നാഷണൽ ജുഡീഷ്യൽ അക്കാദമിയുടെ ദക്ഷിണ മേഖല കോൺഫറൻസിന്റെ സഹ സംഘാടകനായി പ്രവർത്തിച്ചു. കൂടാതെ ഐ.എൽ.ഐ കേരള ഘടകത്തിനൊപ്പം പ്രമുഖ വ്യക്തികളുടെ ക്ലാസ്സുകളും സംഘടിപ്പിച്ചു. കൂടാതെ മുൻസിഫ് മജിസ്ട്രേറ്റ് ടെയിനികൾക്ക് അമേരിക്കയിൽ നിന്നുള്ള ന്യായാധിപരുടെ ഒരു സംഘവുമായി സംവദിക്കാനുള്ള അവസരം ഒരുക്കി കൊടുക്കുകയും ചെയ്തു. ഇതു കൂടാതെ 'ജുഡീഷ്യൽ വിഷൻ 'എന്ന് പേരിലുള്ള ഒരു പ്രതിമാസ ന്യൂസ് ലെറ്ററും അക്കാദമി പ്രസിദ്ധീകരിക്കുന്നുണ്ട്.












# ക്രോണിക്കിൾസ്

# കേരള ഹൈക്കോടതി

# കഴിഞ്ഞു പോയ വർഷം 2023

## കേരള സംസ്ഥാന മധ്യസ്ഥത അനുരഞ്ജന കേന്ദ്രം- കെ.എസ്.എം.സി.സി

കെ.എസ്.എം.സി.സി. കേരള ഹൈക്കോടതി കേരള ലീഗൽ സർവീസ് അതോറിറ്റിയുമായി ചേർന്നുള്ള ഒരു കൂട്ടായ ഉദ്യമമാണ്. കെ.എസ്.എം.സി.സി. ക്ക് ഹൈക്കോടതിയിലെ എ. ഡി. ആർ കേന്ദ്രം ഉൾപ്പടെ മൊത്തത്തിൽ 77 മധ്യസ്ഥതാ കേന്ദ്രങ്ങളുണ്ട്. 2023 ജനുവരി മുതൽ നവംബർ വരെ വ്യത്യസ്ത കോടതികൾ റഫർ ചെയ്ത 45201 കേസുകൾ കൈകാര്യം ചെയ്യുന്നതിൽ, 783 മധ്യസ്ഥരും 20 മധ്യസ്ഥ പരിശീലകരും ഉൾക്കൊള്ളുന്ന, കെ.എസ്.സി.എം.സി.സി. പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്, ഇവയിൽ 14674 കേസുകൾ തീർപ്പാക്കിയിട്ടുള്ളതും 7544 കേസുകൾ ഫലപ്രാപ്തിയാകാത്തവയും ആണ് . 2023 ൽ കെ.എസ്.എം.സി.സി. വ്യത്യസ്ത പദ്ധതികൾ നടത്തിയിരുന്നു, അവയിൽ ചിലത്, ആലപ്പുഴ, പാലക്കാട്, എറണാകുളം, തൃശൂർ ജില്ലകൾക്കായുള്ള ജില്ലാതല വൈദഗ്ദ്ധ്യതാ വികസന പദ്ധതി, ആലപ്പുഴ, പാലക്കാട്, തൃശൂർ, തലശ്ശേരി, എറണാകുളം എന്നീ ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 50 അഭിഭാഷകർക്ക് 'മീഡിയേഷൻ അഡ്വക്കേസി' സംബന്ധിച്ച് ജില്ലാതല അവബോധ പ്രോഗ്രാം 2022-2023, എ. ഡി. ആർ പദ്ധതിയെക്കുറിച്ച് നിയമ വിദ്യാർഥികൾക്ക് 23 അവബോധ പരിപാടി, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ സർക്കാർ ലോ കോളേജുകളിലെ അവസാന വർഷത്തെ നോമിനേറ്റ് ചെയ്യപ്പെട്ട 25 നിയമ വിദ്യാർഥികൾക്ക് 5 ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം, പ്രീ ലിറ്റിഗേഷൻ മധ്യസ്ഥത പദ്ധതി, റിയൽ എസ്റ്റേറ്റ് മേഖലയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള ഒരു നൂതന പദ്ധതിയായ നിർണയ (NIRNAYA), ഏകദിന ശില്പശാല, പുതുതായി തിരഞ്ഞെടുത്ത 45 മധ്യസ്ഥരുടെ രണ്ട് ബാച്ചുകൾക്കായുള്ള 5 ദിവസത്തെ മധ്യസ്ഥത പരിശീലന പ്രോഗ്രാം, തൊടുപുഴ ജുഡീഷ്യൽ ജില്ലയിലെ മധ്യസ്ഥർ, ഈരാറ്റുപേട്ട, പാല, റാന്നി ഉപ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മധ്യസ്ഥർ എന്നിവർക്കുവേണ്ടി ഒരു റിഫ്രഷർ പ്രോഗ്രാം എന്നിവയാണ്. റിഫ്രഷർ പ്രോഗ്രാം ബഹുമാന്യനായ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ശ്രീ. ജസ്റ്റിസ് ആശിഷ് ജെ. ദേശായി ബഹുമാന്യനായ ശ്രീ. ജസ്റ്റിസ് അനിൽ കെ. നരേന്ദ്രന്റെ അധ്യക്ഷതയിൽ നിർവ്വഹിച്ചു.





# ക്രോണിക്കിൾസ്

## കേരള ഹൈക്കോടതി

## കഴിഞ്ഞു പോയ വർഷം 2023

### ദേശീയ അനുസ്മരണ ദിനങ്ങൾ



21.06.2023-ലെ അന്താരാഷ്ട്ര യോഗ ദിന ആഘോഷം.



30.01.2023-ലെ രക്തസാക്ഷി ദിന ആചരണം.



കേരള ഹൈക്കോടതിയിലെ 74- മത് റിപ്പബ്ലിക് ദിനാഘോഷം, 26.01.2023



സ്വാതന്ത്ര്യദിനാഘോഷം 2023



സ്വാതന്ത്ര്യദിനാഘോഷം 2023

# ക്രോണിക്കിൾസ്

# കേരള ഹൈക്കോടതി

## കഴിഞ്ഞു പോയ വർഷം 2023

## ആഘോഷങ്ങളും സാംസ്കാരിക പരിപാടികളും







ഓണാഘോഷം - 2023





കേരളപ്പിറവി




കേരള ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ വാർഷിക ദിനാഘോഷം 2023







സാംസ്കാരിക പരിപാടികൾ

# കഴിഞ്ഞു പോയ വർഷം 2023

## ശ്രദ്ധാഞ്ജലി



**ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ**: 29 .04 .1959 - 03 .04 .2023

**കേരള ഹൈക്കോടതിയിലെ മുൻ ജഡ്ജിയും ഛത്തീസ്ഗഡ്, ഹൈദരാബാദ് , തെലങ്കാന , കൽക്കട്ട എന്നീ ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസുമായിരുന്നു.**

**ആദരാഞ്ജലി ചടങ്ങുകൾ സംബന്ധിച്ച വിവരങ്ങൾക്ക് :**
HTTPS://WWW.YOUTUBE.COM/WATCH?V=3LXBSIOCK9A



**ജസ്റ്റിസ് എസ്സ്. ശങ്കരസുബ്ബൻ**: 23.05.1944 -23 .05 .2023

**കേരള ഹൈക്കോടതിയിലെ മുൻ ജഡ്ജി.**

**ആദരാഞ്ജലി ചടങ്ങുകൾ സംബന്ധിച്ച വിവരങ്ങൾക്ക് :**
HTTPS://WWW.YOUTUBE.COM/WATCH?V=WO-AZT7WMN0



**ജസ്റ്റിസ് യു .പി സിംഗ്**: 20 .12 .1935 - 20 .10 .2023

**കേരള ഹൈക്കോടതിയിലെ മുൻ ചീഫ് ജസ്റ്റിസ്..**

**ആദരാഞ്ജലി ചടങ്ങുകൾ സംബന്ധിച്ച വിവരങ്ങൾക്ക് :**
HTTPS://WWW.YOUTUBE.COM/WATCH?V=DFGHQYF1NTY



**ജസ്റ്റിസ് ഫാത്തിമ ബീവി**: 30.04.1927 - 28 .11 .2023

**കേരള ഹൈക്കോടതിയിലെ മുൻ ജഡ്ജി.**

**ആദരാഞ്ജലി ചടങ്ങുകൾ സംബന്ധിച്ച വിവരങ്ങൾക്ക് :**
HTTPS://WWW.YOUTUBE.COM/WATCH?V=W1SAK0F78MA

# കേരള ഹൈക്കോടതി

## കഴിഞ്ഞു പോയ വർഷം 2023

### ജസ്റ്റിസ് ക്ലോക്ക്

#### ജില്ലാ ജുഡീഷ്യറി

കഴിഞ്ഞുപോയ വർഷം – 2023 സ്ഥിതിവിവരക്കണക്ക്

ഫയൽ ചെയ്ത വർഷം, തീർപ്പാക്കിയവ , തീർപ്പാക്കൽ നിരക്ക്
കേരളം സംസ്ഥാനത്തെ എല്ലാ ജില്ലകളും സംസ്ഥാനത്തെ എല്ലാ കോടതികളും

(22-12-2023)

| കാലയളവ് | ഫയൽ ചെയ്ത തീയതി | തീർപ്പാക്കിയവ | തീർപ്പാക്കൽ നിരക്ക് |
|---|---|---|---|
| ഇന്ന് | 1633 | 1840 | 113% |
| തൊട്ടുമുമ്പത്തെ ദിവസം | 2202 | 2547 | 115% |
| കഴിഞ്ഞ ആഴ്ച | 14861 | 15355 | 103% |
| കഴിഞ്ഞ മാസം | 91568 | 99529 | 109% |
| ഈ വർഷം | 965496 | 1120025 | 116% |
| കഴിഞ്ഞ വർഷം | 856173 | 958021 | 112% |

കാലയളവനുസരിച്ചു തീർപ്പാക്കേണ്ടവയും ഇപ്പൊ ലിസ്റ്റ് ചെയ്തവയും

കേരളം സംസ്ഥാനത്തെ എല്ലാ ജില്ലകളും സംസ്ഥാനത്തെ എല്ലാ കോടതികളും

| വർഷം | തീർപ്പാക്കേണ്ടവ | ഇപ്പോൾ ലിസ്റ്റ് ചെയ്തവ |
|---|---|---|
| 0-1 | 809164 | 17653 |
| 2-3 | 379120 | 7884 |
| 4-5 | 333201 | 7435 |
| 6-10 | 267038 | 6480 |
| 11-20 | 15323 | 685 |
| 21-30 | 689 | 40 |
| 30 നു മുകളിൽ | 129 | 12 |
| ആകെ | 1804664 | 40189 |

#### കേരള ഹൈക്കോടതി

ഫയൽ ചെയ്ത വർഷം, തീർപ്പാക്കേണ്ടവ , തീർപ്പാക്കൽ നിരക്ക്

| കാലയളവ് | തീർപ്പാക്കേണ്ടവ | തീർപ്പാക്കിയവ | തീർപ്പാക്കൽ നിരക്ക് |
|---|---|---|---|
| ഇന്ന് | 468 | 432 | 92% |
| തൊട്ടുമുമ്പത്തെ ദിവസം | 732 | 536 | 73% |
| കഴിഞ്ഞ ആഴ്ച | 2745 | 2473 | 90% |
| കഴിഞ്ഞ മാസം | 7624 | 7797 | 102% |
| ഈ വർഷം | 98985 | 86700 | 88% |
| കഴിഞ്ഞ വർഷം | 92030 | 78280 | 85% |

കാലയളവനുസരിച്ചു തീർപ്പാക്കേണ്ടവ

| തീർപ്പാക്കേണ്ടവ | കാലയളവ് |
|---|---|
| 78413 | 0 -1 |
| 43016 | 2-3 |
| 43953 | 4-5 |
| 63837 | 6-10 |
| 24290 | 11-20 |
| 919 | 21-30 |
| 15 | 30+ |
| ആകെ | 254443 |

HIGH COURT OF KERALA

# ക്രോണിക്കിൾസ്


## കേരള ഹൈക്കോടതി

## കഴിഞ്ഞു പോയ വർഷം 2023

### മുഖപ്രസംഗ കുറിപ്പ്

പേര് സൂചിപ്പിക്കുന്നത് പോലെ, കേരള ഹൈക്കോടതിയുമായിബന്ധപ്പെട്ട പ്രധാനപ്പെട്ട സംഭവങ്ങൾ,ശ്രദ്ധേയമായ വിഷയങ്ങൾ, നിയമത്തിന്റെ സമീപകാല പ്രവണതകൾ എന്നിവയുടെ ഒരു ശേഖരമാണ് ഈ 'ക്രോണിക്കിൾസ്'. ഈ പതിപ്പിൽ, നമ്മുടെ ചരിത്രം, കഴിഞ്ഞ വർഷത്തെ സുപ്രധാന സംഭവങ്ങൾ, നാഴികക്കല്ലായ നേട്ടങ്ങൾ, പൊതു പ്രാധാന്യമുള്ള വിധിന്യായങ്ങൾ എന്നിവയുടെ സംക്ഷിപ്ത രൂപം അടങ്ങിയിരിക്കുന്നു.നമ്മുടെ മഹത്തായ ഹൈക്കോടതിയുടെ ചലനാത്മകമായ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും, പ്രവർത്തനങ്ങളിലെ വൈവിധ്യത്തെ ആഴത്തിൽ മനസ്സിലാക്കുവാനും വായനക്കാരെ ഞങ്ങൾ ക്ഷണിക്കുന്നു. നിങ്ങളുടെ വിലപ്പെട്ട നിർദ്ദേശങ്ങളും വിമർശനങ്ങളും, ഈ ഉദ്യമത്തിലെ പോരായ്മകളെ മറികടക്കാൻ ഞങ്ങളെ സഹായിക്കും

### പത്രാധിപ സമിതി



ബഹു. ജസ്റ്റിസ് ശ്രീ. വി. ജി. അരുൺ



ബഹു. ജസ്റ്റിസ് ശ്രീ. സി. എസ്. ഡയസ്

കേരള ഹൈക്കോടതിയിലെ ഐ.ടി. ഡയറക്ടറേറ്റിന്റെ സഹായത്തോടെ